പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1139 — 30.09.2016-ലെ മറുപടിക്ക്

## കെ. എസ്. ആർ. ടി. സിയുടെ സി. എൻ. ജി ബസ്സ് സർവ്വീസ്

**ചോദ്യം**

ശ്രീ. കെ.സി.ജോസഫ്
,, ഹൈബി ഈഡൻ
,, വി.ഡി.സതീശൻ
,, ഐ.സി.ബാലകൃഷ്ണൻ

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ. എസ്. ആർ. ടി. സി., സി. എൻ. ജി ബസ്സ് സർവ്വീസ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br>കേരള സർക്കാരിന്റെ 2016-17ലെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.ക്ക് 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പു വർഷം 50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |
| (ബി) | എവിടെയൊക്കയാണ് ഇത്തരം ബസ്സുകൾ സർവ്വീസ് നടത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | എറണാകുളം കേന്ദ്രമാക്കിയാണ് തുടക്കത്തിൽ സി.എൻ.ജി ബസുകൾ സർവ്വീസ് ആരംഭിക്കുക. സി.എൻ.ജി ഇന്ധനം ലഭ്യമാകുന്ന മുറയ്ക്ക് തിരുവനന്തപുരം, കണ്ണൂർ, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിൽകൂടി സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | ഇതിനായി എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ യാതൊരു സഹായവും ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ